**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1643** **11-09-2023 - ൽ മറുപടിയ്ക്ക്**

**വില്ലേജുതല ജനകീയ സമിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളിലാണ് വില്ലേജുതല ജനകീയ സമിതികൾ രൂപീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിലെ എല്ലാ വില്ലേജുകളിലും വില്ലേജ്തല ജനകീയസമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൽ പ്രസ്തുത സമിതികൾക്ക് നിർണ്ണായക പങ്ക് വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | വിലയിരുത്തിയിട്ടുണ്ട്. ഭൂസംരക്ഷണ കാര്യത്തിലും, ജനക്ഷേമ പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പ വരുത്തുന്നതിന് പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും, പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി എല്ലാ വില്ലേജ് ഓഫീസുകളിലും എല്ലാ മാസത്തിലേയും മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ ഉച്ചയ്ക്ക് ശേഷം മൂന്ന് മണിക്കാണ് വില്ലേജ് തല ജനകീയ സമിതികൾ യോഗം ചേരുന്നത്. വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾ, വില്ലേജ് നിവാസികളുടെ പട്ടയ പ്രശ്നങ്ങൾ, പൊതുജനങ്ങളെ വിവിധ റവന്യൂ സേവനങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള റവന്യൂ ഇ-സാക്ഷരത തുടങ്ങിയ നിരവധി പ്രശ്നങ്ങളിൽ ഭാഗഭാഗാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വില്ലേജ് തല ജനകീയ സമിതികൾക്ക് നിർണ്ണായക പങ്ക് വഹിക്കാനായിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണർ നിശ്ചയിച്ച നൽകുന്ന പൊതുവിഷയങ്ങളും പ്രാദേശിക പ്രധാന്യമുള്ള വിഷയങ്ങളുമാണ് വില്ലേജ് തല ജനകീയ സമിതിയുടെ ആവശ്യങ്ങളായി ചർച്ച ചെയ്ത പരിഹാരം കാണുന്നത്. |

സെക്ഷൻ ഓഫീസർ